"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-വാട്ടർഷെഡ് ഡെവലപ്‌മെന്റ് കമ്പോണന്റ് പദ്ധതിയിലെ ഫിനാൻസ് കം അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്കുള്ള നിയമന യോഗ്യതയിലെ പ്രവൃത്തിപരിചയ കാലയളവിൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(കൈ) നം.23/2026/LSGD തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:- 1. സ.ഉ (എം.എസ്) നം. 141/2010/തസ്വഭവ തീയതി: 03.07.2010.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 16.03.2025-ലെ LSGD/PD/35865/2023-SLNA2 നം. കത്ത്.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്‌മെന്റ് പ്രോഗ്രാം (ഐ.ഡബ്ല്യൂ.എം.പി.) പദ്ധതിയുമായി ബന്ധപ്പെട്ട് ഗവ. ഓഫ് ഇന്ത്യ, ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ താത്ക്കാലിക തസ്തികകൾ സൃഷ്ടിച്ചും നിയമനയോഗ്യതകൾ നിശ്ചയിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. നിലവിൽ ഈ പദ്ധതി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-വാട്ടർഷെഡ് ഡെവലപ്‌മെന്റ് കമ്പോണന്റ് 2.0 (ഡബ്ല്യൂ.ഡി.സി.-പി.എം.കെ.എസ്.വൈ.) പദ്ധതിയായി പരിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. അതിൻപ്രകാരം ഫിനാൻസ് കം അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ നിയമനരീതിയായി, സർക്കാർ സേവനത്തിലുള്ള ഒരു ഓഫീസറുടെ ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം അല്ലെങ്കിൽ ഫിനാൻസ്/ അക്കൗണ്ട്സ് മേഖലയിൽ സർക്കാർ സേവനമനുഷ്ഠിച്ചിട്ടുള്ള വിരമിച്ച ഒരു ഉദ്യോഗസ്ഥന്റെ കരാർ വ്യവസ്ഥയിലുള്ള നിയമനം ആണ് നിശ്ചയിച്ചിട്ടുള്ളത്. Post Graduation in Financial Management, Commerce, Chartered Accountancy, 10 years experience in senior related position എന്നതാണ് പരാമർശം (1) പ്രകാരം പ്രസ്തുത തസ്തികയുടെ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്.

ഈ പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസിയിലെ ഫിനാൻസ്-കം-അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ ഒരു ഒഴിവിൽ നിയമനം നടത്തുന്നതിന് പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും തുടർന്ന് രണ്ട് തവണ വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തിയിട്ടും നിശ്ചിത യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള ഉദ്യോഗാർത്ഥിയെ ലഭിച്ചിട്ടില്ല എന്ന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരിക്കുന്നു. മേൽപരാമർശിത വിദ്യാഭ്യാസയോഗ്യതയും ദീർഘമായ പ്രവൃത്തിപരിചയവുമുള്ളവർക്ക് ഫിനാൻഷ്യൽ മേഖലയിൽ ഈ കാലഘട്ടത്തിൽ, പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളതിനേക്കാൾ ഉയർന്ന വേതനം ലഭിക്കുമെന്നതിനാലാണ് പലതവണ ഇന്റർവ്യൂകൾ നടത്തിയിട്ടും ഉദ്യോഗാർത്ഥിയെ

ലഭ്യമാകാത്തതെന്നും ഈ തസ്തികയിൽ അപേക്ഷിക്കാനാവശ്യമായ പ്രവൃത്തിപരിചയം പത്തു വർഷത്തിൽ നിന്നും മൂന്ന് വർഷമായി കുറച്ചാൽ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കുന്നതിന് അവസരം ഉണ്ടാവുകയും ഈ തസ്തികയിലേയ്ക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥിയെ ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാവുകയും ചെയ്യുമെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-വാട്ടർഷെഡ് ഡെവലപ്മെന്റ് കമ്പോണന്റ് 2.0 പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസിയിലെ ഫിനാൻസ്-കം-അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ നിയമന യോഗ്യത Post Graduation in Financial Management, Commerce, Chartered accountancy എന്നത് നിലനിർത്തിക്കൊണ്ട്, പ്രവൃത്തിപരിചയം മാത്രം 10 വർഷത്തിൽ നിന്നും 3 വർഷമായി കുറച്ചു നൽകി കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എസ്എൽഎൻഎ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പൊതുഭരണ എസ്.സി വകുപ്പിന്(07.01.2026-ലെ ഇനം.നം.3507പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suja. M
Date: 13-01-2026 11:13:21
സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ-യ്ക്ക്